**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5290** **21-07-2022 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ കെ യു ജനീഷ് കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും സർവ്വകലാശാലയിലെ കോഴ്സുകൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ഉതകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | 2020 ഒക്ടോബർ രണ്ടിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രാജ്യത്തിന് സമർപ്പിച്ചു. തുടക്കത്തിൽ തന്നെ സമൂഹത്തിലെ വിവിധ തുറകളിലുള്ളവരുടെയും അക്കാഡമിക് വിദഗ്ധരുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ സമാഹരിച്ചുകൊണ്ട് സർവ്വകലാശാലയുടെ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകി. തുടർന്ന് അടുത്ത പത്തു വർഷത്തേക്കുള്ള സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി. നടത്താനുദ്ദേശിക്കുന്ന കോഴ്സുകളുടെ പഠിതാക്കൾക്കുള്ള പഠനസാമഗ്രികൾ തയ്യാറാക്കിയ ശേഷം മാത്രമേ ഓപ്പൺ സർവ്വകലാശാലയ്ക്ക് കോഴ്സുകൾ നടത്താൻ കഴിയൂ. ഇതിനായി ഇരുപതു വിഷയങ്ങളിൽ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് അക്കാദമിക് കമ്മിറ്റികൾക്ക് രൂപം നൽകി. തുടർന്ന് കൊല്ലം, കോഴിക്കോട് കേന്ദ്രങ്ങളാക്കി നൂറ്റിയൻപതോളം വിഷയവിദഗ്ധർ ചേർന്ന് പഠനസഹായികൾ തയ്യാറാക്കാൻ തുടങ്ങി. ആദ്യവർഷം പൂർണമായും ഇത്തരം തയ്യാറെടുപ്പുകൾക്കാണ് ചിലവഴിച്ചത്.<br><br>2021 മെയ് മാസത്തിൽ യു.ജി.സി. സർവ്വകലാശാലയെ 2(f) വിഭാഗത്തിൽപ്പെടുത്തി അംഗീകാരം നൽകി. സർക്കാർ അനുവദിച്ച 17 ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് പിന്നീട് സർവ്വകലാശാല ശ്രദ്ധ കേന്ദ്രീകരിച്ചത്.<br><br>2021 ഒക്ടോബറിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി ഒരു സർട്ടിഫിക്കറ്റ് കോഴ്സിന് രൂപം നൽകി. പഠനപ്രക്രിയയും മൂല്യനിർണ്ണയവും സഫലമാക്കാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓൺലൈൻ സാങ്കേതിക സംവിധാനങ്ങൾ തയ്യാറാക്കി. കൂടാതെ ഓരോ ജില്ലയിലും കിലയുടെ സഹായത്തോടെ പഠനകേന്ദ്രങ്ങൾ സജ്ജമാക്കി. തുടർന്ന് സംസ്ഥാനത്തുടനീളമുള്ള ഏഴായിരത്തിൽ പരം ജനപ്രതിനിധികൾ പഠിതാക്കളായി രജിസ്റ്റർ ചെയ്തു. 2022 ഏപ്രിൽ മാസം പൂർത്തിയായ കോഴ്സിന്റെ പരീക്ഷകളും പ്രോജക്ട് സമർപ്പണവും മെയ് ആദ്യ വാരം നടന്നു.<br><br>മെയ് 31, ജൂൺ 1 തീയതികളിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത വൈജ്ഞാനിക സമ്മേളനത്തിൽ സർവ്വകലാശാലയുടെ ആദ്യ കോൺവെക്കേഷൻ ചാൻസിലർ കൂടിയായ ഗവർണർ നിർവ്വഹിച്ചു. |
| (ബി) | ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; ഇതിനുള്ള കാലതാമസം വരുന്നത് സർവ്വകലാശാലയെയും വിദ്യാർത്ഥികളെയും ബാധിക്കുന്നതായ വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ; | (ബി) | താഴെപ്പറയുന്ന 12 യു.ജി. പ്രോഗ്രാമുകളും 5 പി.ജി. പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.<br><br>**<u>UG Programmes</u>**<br><br>1. BA Arabic<br>2. BA Sanskrit<br>3. BA English<br>4. BA Hindi<br>5. BA History<br>6. BA Malayalam<br>7. BA Sociology<br>8. BA Economics<br>9. BA Philosophy with specialization in Sreenarayanaguru Studies<br>10. B.Com.<br>11. BBA<br>12. BCA<br><br>**<u>PG Programmes</u>**<br><br>1. M.Com.<br>2. MA English<br>3. MA Malayalam<br>4. MA History<br>5. MA Sociology |

| | | | |
|---|---|---|---|
| | | | ഈ കോഴ്സുകൾക്ക് ആവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്.<br><br>46 ആധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം ഉടങ്ങി, School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠന വകുപ്പുകളിൽ മേധാവികളെ നിയമിച്ചിട്ടുണ്ട്. നാല്ല പ്രാദേശിക കേന്ദ്രങ്ങളിലേക്കും ഡയറക്ടർമാരെ സർക്കാർ നിയമിച്ചു.<br><br>സംസ്ഥാനത്തുടനീളം അൻപതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>കോഴ്സുകൾക്ക് UGC Distance Education Bureau (DEB) യുടെ അംഗീകാരത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 31 നായിരുന്നു. മെയ് 28 നു തന്നെ ആവശ്യമായ രേഖകളോടെ അപേക്ഷ വിജയകരമായി സമർപ്പിച്ചിട്ടുണ്ട്. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. ഇതിനു വേണ്ട രേഖകൾ മുഴുവൻ UGC ക്ക് സമർപ്പിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ UGC പ്രതിനിധികളുടെ സന്ദർശനം പ്രതീക്ഷിക്കുന്നു. UGC യുടെ അന്തിമ അനുമതി ലഭിച്ചാൽ ഈ അക്കാദമിക് സെഷനിൽ തന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ തുടങ്ങാൻ സാധിക്കും. |
| (സി) | ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് മതിയായ വിദൂര വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതുവരെ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾ നടത്തിവരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ തുടരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC യുടെ DEB യിൽ നിന്ന് 2022-23 അധ്യായന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ